**മധുരമായ കുട്ടികളേ – ആത്മീയ സേവനം ചെയ്ത് തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യൂ, ബാബയോട് സത്യമായ മനസ്സ് വെയ്ക്കുകയാണെങ്കിൽ ബാബയുടെ ഹൃദയത്തിൽ പ്രവേശിക്കും.**

**ചോദ്യം :–** ദേഹീ–അഭിമാനിയാകുന്നതിനുള്ള പരിശ്രമം ആർക്കാണ് ചെയ്യാൻ സാധിക്കുന്നത്? ദേഹീ – അഭിമാനിയുടെ അടയാളങ്ങൾ കേൾപ്പിക്കൂ?
**ഉത്തരം :–** ആർക്കാണോ പഠിപ്പിനോടും ബാബയോടും മുറിയാത്ത സ്നേഹമുള്ളത് അവർക്ക് ദേഹീ അഭിമാനിയാകുന്നതിനുള്ള പരിശ്രമം ചെയ്യാൻ സാധിക്കും. അവർ ശീതളമായിരിക്കും, ആരോടും കൂടുതൽ സംസാരിക്കുകയില്ല, അവർക്ക് ബാബയോട് സ്നേഹമുണ്ടായിരിക്കും, പെരുമാറ്റം വളരെ റോയലായിരിക്കും. നമ്മളെ ഭഗവാൻ പഠിപ്പിക്കുകയാണ്, നമ്മൾ ഭഗവാന്റെ കുട്ടികളാണ് എന്ന ലഹരി അവർക്കുണ്ടായിരിക്കും. അവർ സുഖദായിയായിരിക്കും. ഓരോ ചുവടും ശ്രീമത്തിലൂടെയായിരിക്കും.

**ഓം ശാന്തി**. കുട്ടികൾക്ക് സേവനത്തിന്റെ വാർത്ത കേൾപ്പിക്കണം പിന്നീട് മുഖ്യമായ ഏതെല്ലാം സർവ്വീസബിൾ മഹാരഥികളുണ്ടോ അവരിൽ നിന്ന് അഭിപ്രായമെടുക്കണം. ബാബ അറിയുന്നുണ്ട് സേവനയുകതരായ കുട്ടികൾക്ക് തന്നെയാണ് വിചാര സാഗര മഥനം നടക്കുക. മേള അല്ലെങ്കിൽ പ്രദർശിനിയുടെ ഉദ്ഘാടനമെല്ലാം ആരെകൊണ്ട് ചെയ്യിക്കും! എന്തെല്ലാം പോയിന്റുകൾ കേൾപ്പിക്കണം. ശങ്കരാചാര്യർ മുതലായവർ അഥവാ നിങ്ങളുടെ ഈ കാര്യം മനസ്സിലാക്കുകയാണെങ്കിൽ പറയും ഇവിടുത്തെ ജ്ഞാനം വളരെ ഉയർന്നതാണ്. ഇവരെ പഠിപ്പിക്കുന്നത് ഏതോ തീക്ഷണ ബുദ്ധിയുള്ളവരാണ്. ഭഗവാനാണ് പഠിപ്പിക്കുന്നത്, അതംഗീകരിക്കുകയില്ല. അതിനാൽ പ്രദർശനി മുതലായവയുടെ ഉദ്ഘാടനം ചെയ്യുന്നതിന് ആരാണോ വരുന്നത് അവർക്ക് എന്തെല്ലാം മനസ്സിലാക്കി കൊടുക്കുന്നു, ആ വാർത്ത എല്ലാവരോടും പറയണം അല്ലായെങ്കിൽ ടേപ്പിൽ ഷോർട്ടായി നിറയ്ക്കണം. എങ്ങനെയാണോ ഗംഗാ ശങ്കരാചാര്യർക്ക് മനസ്സിലാക്കി കൊടുത്തത്, ഇങ്ങനെയിങ്ങനെയുള്ള സർവ്വീസബിൾ കുട്ടികൾ ഹൃദയത്തിൽ സ്ഥാനം പിടിക്കുന്നു. സ്ഥൂല സേവനങ്ങളുമുണ്ട് എന്നാൽ ബാബയുടെ ശ്രദ്ധ ആത്മീയ സേവനത്തിലേക്ക് പോകും, ആരാണോ അനേകരുടെ മംഗളം ചെയ്യുന്നത്. മംഗളമെല്ലാം ഓരോ കാര്യത്തിലുമുണ്ട്. യോഗയുക്തമായാണ് ബ്രഹ്മാഭോജനം ഉണ്ടാക്കുന്നതെങ്കിൽ അതിലും മംഗളമുണ്ട്, ഇങ്ങനെ യോഗയുക്തമായി ഭോജനമുണ്ടാക്കുന്നവരാണെങ്കിൽ ഭണ്ഡാരിയിൽ വളരെയധികം ശാന്തിയായിരിക്കും. ഓർമ്മയുടെ യാത്രയിലായിരിക്കും. ആരെങ്കിലും വരികയാണെങ്കിൽ പെട്ടെന്നവർക്ക് മനസ്സിലാകും. ബാബയ്ക്ക് അറിയാൻ കഴിയുന്നുണ്ട് – ആരാണ് സേവനയുക്തരായ കുട്ടികൾ, അവർക്ക് മറ്റുള്ളവർക്കും മനസ്സിലാക്കികൊടുക്കാൻ സാധിക്കും അവരെ സേവനത്തിനായി വിളിക്കുകയും ചെയ്യും. അതിനാൽ സർവ്വീസ് ചെയ്യുന്നവർ തന്നെയാണ് ബാബയുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കുന്നത്. ബാബയുടെ ശ്രദ്ധ മുഴുവനും സർവ്വീസബിളായ കുട്ടികളിലേക്കാണ് പോകുന്നത്. പലർക്കും സന്മുഖത്തിരുന്ന് മുരളി കേൾക്കുകയാണെങ്കിൽ പോലും ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. ധാരണ ഉണ്ടാകുന്നില്ല കാരണം അരകല്പത്തെ ദേഹാഭിമാനത്തിന്റെ രോഗം വളരെ കടുത്തതാണ്. അതിനെ മായ്ക്കുന്നതിന് വേണ്ടി വളരെ കുറച്ച് പേരാണ്, നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യുന്നത്. അനേകരിൽ ദേഹീ–അഭിമാനിയാകുന്നതിന്റെ പരിശ്രമം ഉണ്ടാകുന്നില്ല. ബാബ മനസ്സിലാക്കി തരുകയാണ് – കുട്ടികളെ, ദേഹീ അഭിമാനിയാകുക വളരെ ശ്രമകരമാണ്. ചിലർ ചാർട്ടെല്ലാം അയക്കുന്നുണ്ട് എന്നാൽ പൂർണ്ണമല്ല. എങ്കിലും അൽപം ശ്രദ്ധ വെയ്ക്കുന്നുണ്ട്. ദേഹീ–അഭിമാനിയാകുന്നതിനുള്ള ശ്രദ്ധ ഒരുപാട് പേർക്ക് കുറവാണ്. ദേഹീ–അഭിമാനി വളരെ ശീതളമായിരിക്കും. അവർ ഇത്രയും കൂടുതൽ ചർച്ചയൊന്നും ചെയ്യില്ല. അവർക്ക് ബാബയോടുള്ള സ്നേഹം അത്രയുമുണ്ടായിരിക്കും അത് പറയേണ്ടതില്ല. ആത്മാവിന് ഇത്രയും സന്തോഷമുണ്ടായിരിക്കും അതൊരിക്കലും ഒരു മനുഷ്യനും ഉണ്ടായിരിക്കുകയില്ല. ഈ ലക്ഷ്മീ നാരായണനും ജ്ഞാനമില്ല. ജ്ഞാനം നിങ്ങൾ കുട്ടികൾക്ക് തന്നെയാണ്, ആരെയാണോ ഭഗവാൻ പഠിപ്പിക്കുന്നത്. ഭഗവാനാണ് നമ്മളെ പഠിപ്പിക്കുന്നത്, ഈ ലഹരിയും നിങ്ങളിൽ ഒന്നോ രണ്ടോ പേർക്കേ ഉള്ളൂ. ആ ലഹരിയുണ്ടെങ്കിൽ ബാബയുടെ ഓർമ്മയിലിരിക്കും, അവരെ ദേഹീ അഭിമാനിയെന്ന് പറയുന്നു. എന്നാൽ ആ ലഹരി ഉണ്ടാകുന്നില്ല. ഓർമ്മയിലിരിക്കുന്നവരുടെ പെരുമാറ്റം വളരെ നല്ലതും രാജകീയവുമായിരിക്കും. ഞങ്ങൾ ഭഗവാന്റെ കുട്ടികളാണ് അതിന്റെ മഹിമയുമുണ്ടല്ലോ – അതീന്ദ്രിയ സുഖം ഗോപ–ഗോപികമാരോട് ചോദിക്കൂ, ആരാണോ ദേഹീ–അഭിമാനിയായി ബാബയെ ഓർമ്മിക്കുന്നത്. ഓർമ്മിക്കുന്നില്ല അതുകൊണ്ട് ശിവബാബയുടെ ഹൃദയത്തിൽ കയറുന്നില്ല. ശിവബാബയുടെ ഹൃദയത്തിലില്ലെങ്കിൽ ദാദയുടെയും ഹൃദയത്തിൽ കയറാൻ സാധിക്കില്ല. ബാബയുടെ ഹൃദയത്തിലുണ്ടെങ്കിൽ തീർച്ചയായും ദാദയുടെ ഹൃദയത്തിലുമുണ്ടാകും. ബാബ ഓരോരുത്തരെയും അറിയുന്നുണ്ട്. കുട്ടികൾ സ്വയവും അറിയുന്നുണ്ട് ഞാൻ എന്ത് സേവനമാണ് ചെയ്യുന്നത്. സേവനത്തിനുള്ള

താത്പര്യം കുട്ടികളിൽ കൂടുതൽ ഉണ്ടായിരിക്കണം. ചിലർക്ക് സെന്റർ വർദ്ധിപ്പിക്കുന്നതിനുള്ള താത്പര്യമുണ്ടായിരിക്കും. ചിലർക്ക് ചിത്രം ഉണ്ടാക്കുന്നതിനുള്ള താത്പര്യമുണ്ടാഉണ്ടായിരിക്കും. ബാബയും പറയുന്നു – ആരാണോ ബാബയുടെ ഓർമ്മയിൽ ഇരിക്കുകയും സേവനം ചെയ്യുന്നതിന് വേണ്ടി ഉത്സാഹിക്കുകയും ചെയ്യുന്നത് അങ്ങനെയുള്ള ജ്ഞാനീ തൂ ആത്മാവായ കുട്ടികളോടാണ് എനിക്കും സ്നേഹം തോന്നുന്നത്. ചിലരാണെങ്കിൽ തീർത്തും സേവനം ചെയ്യുന്നില്ല, ബാബ പറയുന്നത് പോലും അംഗീകരിക്കുന്നില്ല. ബാബയ്ക്കറിയാം – ആർക്ക് എവിടെ സേവനം ചെയ്യണം. എന്നാൽ ദേഹ–അഭിമാനം കാരണം തന്റെ അഭിപ്രായത്തിലൂടെ നടക്കുന്നതുകൊണ്ട് അവർ ഹൃദയത്തിൽ കയറുന്നില്ല. അജ്ഞാനത്തിലും കുട്ടികൾ മോശമായി നടക്കുന്നവരാണെങ്കിൽ പിതാവിന്റെ ഹൃദയത്തിൽ സ്ഥാനമുണ്ടായിരിക്കില്ല. അവർ കുപുത്രരെന്ന് മനസ്സിലാക്കുന്നു. സംഗദോഷത്തിൽ പെട്ട് മോശമായി പോകുന്നു. ഇവിടെയും ആരാണോ സേവനം ചെയ്യുന്നത് അവരോട് തന്നെയാണ് ബാബയ്ക്ക് സ്നേഹം തോന്നുന്നത്. ആരാണോ സേവനം ചെയ്യാത്തത് അവരെ ബാബയും സ്നേഹിക്കില്ല. മനസ്സിലാക്കുന്നുണ്ട് ഭാഗ്യത്തിനനുസരിച്ച് പഠിക്കും, എങ്കിലും സ്നേഹം ആരിലാണുണ്ടാവുക? അത് നിയമമാണല്ലോ. നല്ല കുട്ടികളെ വളരെ സ്നേഹത്തോടെ വിളിപ്പിക്കും. പറയും നീ വളരെ സുഖദായിയാണ്, നീ പിതാസ്നേഹിയാണ്. ആരാണോ ബാബയെ ഓർമ്മിക്കുക പോലും ചെയ്യാത്തത് അവരെ പിതാസ്നേഹിയെന്ന് ഒരിക്കലും പറയില്ല. ദാദാ സ്നേഹിയായല്ല മാറേണ്ടത്, ബാബയോട് സ്നേഹിയാകണം. ആരാണോ ബാബയോട് സ്നേഹിയായിരിക്കുന്നത് അവരുടെ പെരുമാറ്റ രീതി വളരെ മധുരവും സുന്ദരവുമായിരിക്കും. വിവേകം ഇങ്ങനെ പറയുന്നു – സമയമുണ്ട് എന്നാൽ ശരീരത്തിന് ഗ്യാരന്റിയില്ല. ഇരിക്കെ ആക്സിഡന്റുണ്ടാകുന്നു. ചിലർക്ക് ഹൃദയാഘാതം ഉണ്ടാകുന്നു. ചിലർക്ക് രോഗം പിടിപെടുന്നു, മരണമാണെങ്കിൽ പെട്ടെന്നാണ് സംഭവിക്കുന്നത് അതുകൊണ്ട് ശ്വാസത്തിൽ പോലും വിശ്വാസമില്ല. പ്രകൃതി ക്ഷോഭങ്ങളുടെയും പ്രാക്ടീസ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സമയമനുസരിച്ചല്ലാതെ മഴ ഉണ്ടാകുന്നതുപോലും ബുദ്ധിമുട്ടാകുന്നു. ഈ ലോകം തന്നെ ദുഃഖം നൽകുന്നതാണ്. ബാബയും വരുന്നത് ഈ സമയത്തിലാണ് എപ്പോഴാണോ മഹാ ദുഃഖമുണ്ടാകുന്നത്, രക്തത്തിന്റെ നദി ഒഴുകുന്നത്. പരിശ്രമം ചെയ്യണം – ഞാൻ പുരുഷാർത്ഥം ചെയ്ത് 21 ജന്മത്തേയ്ക്ക് മംഗളം ചെയ്തെടുക്കണം. അനേകരിൽ സ്വന്തം മംഗളം ചെയ്യുന്നതിന്റെ ചിന്ത പോലും കാണാൻ സാധിക്കുന്നില്ല.

ബാബ ഇവിടെയിരുന്ന് മുരളി കേൾപ്പിക്കുമ്പോഴും ബുദ്ധി സേവാധാരി കുട്ടികളുടെ നേരെയായിരിക്കും. ഇപ്പോൾ ശങ്കരാചാര്യരെ പ്രദർശിനിയിൽ വിളിക്കണം, അല്ലായെങ്കിൽ ഇവർ അങ്ങനെ എവിടെയക്കും പോകുകയില്ല. വളരെ അഭിമാനത്തോടുകൂടി ഇരിക്കുന്നു, അതിനാൽ അവരെ അംഗീകരിക്കേണ്ടതായും വരും. മുകളിൽ സിംഹാസനത്തിലിരുത്തേണ്ടി വരും. കൂടെ ഇരിക്കാൻ സാധിക്കില്ല, അവർക്ക് ഒരുപാട് ആദരവ് വേണം. വിനയചിത്തരാകുകയാണെങ്കിൽ പിന്നീട് വെള്ളി മുതലായവയുടെ സിംഹാസനം ഉപേക്ഷിക്കും. നോക്കൂ ബാബ എത്ര സാധാരണമായാണിരിക്കുന്നത്. ആരും അറിയുന്നുപോലുമില്ല. നിങ്ങൾ കുട്ടികളിലും വിരളം ചിലരാണ് അറിയുന്നത്. വളരെ നിരഹങ്കാരിയാണ് ബാബ. സന്യാസി മുതലായവർക്ക് ബാബയുടെ സ്നേഹം ലഭിക്കുന്നില്ല. നിങ്ങൾ കുട്ടികൾക്കറിയാം കല്പ–കല്പം നമുക്ക് പരിധിയില്ലാത്ത ബാബയുടെ സ്നേഹം ലഭിക്കുന്നു. ബാബ പുഷ്പമാക്കി മാറ്റുന്നതിന് വളരെയധികം പരിശ്രമിക്കുന്നു. എന്നാൽ ഡ്രാമയനുസരിച്ച് എല്ലാവരും പുഷ്പമായി മാറുന്നില്ല. ഇന്നത്തെ വളരെ നല്ല–നല്ല കുട്ടികൾ നാളെ വികാരിയായി മാറുന്നു. ബാബ പറയും ഭാഗ്യത്തിലില്ലെങ്കിൽ പിന്നെ എന്ത് ചെയ്യും. അനേകരുടേത് മോശമായ പെരുമാറ്റമായി മാറുന്നു. ആജ്ഞയുടെ ലംഘനം ചെയ്യുന്നു. ഈശ്വരന്റെ മതത്തിലൂടെ നടക്കുന്നില്ലായെങ്കിൽ അവരുടെ അവസ്ഥ എന്താകും. ഉയർന്നതിലും ഉയർന്നതാണ് ബാബ, ഇതുപോലെ വേറെ ആരുമില്ല. പിന്നീട് ദേവതകളുടെ ചിത്രങ്ങൾ നോക്കുകയാണെങ്കിൽ ഈ ലക്ഷ്മീ നാരായണനും ഉയർന്നതിലും ഉയർന്നതാണ്. എന്നാൽ മനുഷ്യർക്ക് ഇതുപോലും അറിയില്ല ഇവരെ ഇങ്ങനെയാക്കിയതാരാണ്. ബാബ നിങ്ങൾ കുട്ടികൾക്ക് രചയിതാവിന്റെയും രചനയുടെയും ജ്ഞാനം വളരെ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. നിങ്ങൾക്ക് നിങ്ങളുടെ ശാന്തിധാമം, സുഖധാമത്തെയുമാണ് ഓർമ്മ വരേണ്ടത്. സേവനം ചെയ്യുന്നവരുടെ പേര് സ്മൃതിയിൽ വരുന്നു. തീർച്ചയായും ആരാണോ ബാബയുടെ ആജ്ഞാകാരി കുട്ടികൾ, അവരുടെ നേർക്കേ മനസ്സ് പോകൂ. പരിധിയില്ലാത്ത ബാബ ഒരേയൊരു തവണ മാത്രമാണ് വരുന്നത്. ആ ലൗകിക അച്ഛനെ ജന്മ ജന്മാന്തരം ലഭിക്കുന്നു. ഇപ്പോഴത്തെ പഠിപ്പിലൂടെ നിങ്ങൾ പദവി നേടുന്നു. ബാബയിൽ നിന്നും പുതിയ ലോകത്തിന് വേണ്ടി നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണ് ഇതും നിങ്ങൾ കുട്ടികൾക്കേ അറിയൂ. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. വളരെ സഹജമാണ്. മനസ്സിലാക്കൂ ബാബ കളിച്ചുകൊണ്ടിരിക്കുകയാണ്, ആ സമയം ആരെങ്കിലും അവിടെ വരികയാണെങ്കിൽ ബാബ പെട്ടെന്ന് അവർക്ക് അവിടെ തന്നെ ജ്ഞാനം നൽകുന്നതിൽ മുഴുകും. പരിധിയില്ലാത്ത പിതാവിനെ അറിയുമോ? പഴയ ലോകത്തെ പുതിയതാക്കി മാറ്റുന്നതിനാണ് ബാബ വരുന്നത്. രാജയോഗം പഠിപ്പിക്കുന്നു. ഭാരതവാസികളെ തന്നെയാണ് പഠിപ്പിക്കുന്നത്. ഭാരതം തന്നെയാണ് സ്വർഗ്ഗമായിരുന്നത്. അവിടെ ഈ ദേവീ ദേവതകളുടെ രാജ്യമായിരുന്നു. ഇപ്പോഴാണെങ്കിൽ നരകമാണ്. ബാബ തന്നെ

യാണ് നരകത്തെ വീണ്ടും സ്വർഗ്ഗമാക്കി മാറ്റുക. ഇങ്ങനെയിങ്ങനെയുള്ള മുഖ്യമായ കാര്യങ്ങൾ ഓർമ്മിക്കൂ ആരെങ്കിലും വരുകയാണെങ്കിൽ അവർക്കും മനസ്സിലാക്കികൊടുക്കൂ. അപ്പോൾ അത്രയും സന്തോഷമുണ്ടാകും. കേവലം പറയൂ ബാബ വന്നു കഴിഞ്ഞു. ഗീതയിൽ പാടപ്പെട്ടിട്ടുള്ള അതേ മഹാഭാരത യുദ്ധമാണിത്. ഗീതയുടെ ഭഗവാൻ വന്നു, ഗീത കേൾപ്പിച്ചു. എന്തിന് വേണ്ടി? മനുഷ്യനെ ദേവതയാക്കുന്നതിന്. കേവലം ബാബ പറയുന്നു അച്ഛനായ എന്നെയും സമ്പത്തിനെയും ഓർമ്മിക്കൂ. ഇത് ദുഃഖധാമമാണ്. ഇത്രയും ബുദ്ധിയിൽ ഓർമ്മയുണ്ടെങ്കിൽ സന്തോഷമുണ്ടായിരിക്കും. നമ്മൾ ആത്മാക്കൾ ബാബയോടൊപ്പം ശാന്തി ധാമിലേയ്ക്ക് പോകുന്നവരാണ്. പിന്നീട് അവിടെ നിന്നും പാർട്ടഭിനയിക്കാൻ ഏറ്റവുമാദ്യം സുഖധാമത്തിൽ വരും. എങ്ങനെയാണോ കോളേജിൽ പഠിക്കുമ്പോൾ മനസ്സിലാക്കുന്നത് ഞങ്ങൾ ഇന്നയിന്നത് പഠിച്ച് ഇന്നതാകും. വക്കീലാവും അഥവാ പോലീസ് സൂപ്രണ്ടാകും, ഇത്രയും പൈസ സമ്പാദിക്കും. സന്തോഷത്തിന്റെരസം ഉയർന്നുകൊണ്ടിരിക്കും. നിങ്ങൾ കുട്ടികൾക്കും ഈ സന്തോഷമുണ്ടായിരിക്കണം. നമ്മൾ പരിധിയില്ലാത്ത ബാബയിൽ നിന്നും ഈ സമ്പത്ത് നേടുന്നു പിന്നീട് സ്വർഗ്ഗത്തിൽ നമ്മൾ നമ്മുടെ കൊട്ടാരമുണ്ടാക്കും. മുഴുവൻ ദിവസത്തിലും ബുദ്ധിയിൽ ഈ ചിന്ത ഉണ്ടാവുകയാണെങ്കിൽ സന്തോഷവുമുണ്ടാകും. തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യൂ. ഏത് കുട്ടികളിലാണോ ജ്ഞാനധനമുള്ളത് അവരുടെ കർത്തവ്യമാണ് ദാനം നൽകുക. അഥവാ ധനമുണ്ട്, ദാനം ചെയ്യുന്നില്ലായെങ്കിൽ അവരെ പിശുക്കരെന്ന് പറയുന്നു. അവരുടെ അടുക്കൽ ധനമുണ്ടെങ്കിൽ പോലും ഇല്ലാത്തത് പോലെയാണ്. ധനമുണ്ടെങ്കിൽ തീർച്ചയായും ദാനം ചെയ്യണം. നല്ല നല്ല മഹാരഥി കുട്ടികൾ അവരാണ് അവർ സദാ ബാബയുടെ ഹൃദയത്തിൽ കയറിയിരിക്കും. ചിലരെ പ്രതി ചിന്തയുണ്ടാകുന്നു – ഒരു പക്ഷെ ഇവർ കൊഴിഞ്ഞു പോകുമോ.സാഹചര്യം അങ്ങനെയാണ്. ദേഹ–അഹങ്കാരം വളരെയധികം ഉയർന്നിരിക്കുന്നു. ഏത് സമയം വേണമെങ്കിലും കൈ ഉപേക്ഷിച്ച് തന്റെ വീട്ടിലേക്ക് പോകാം. മുരളിയെല്ലാം വളരെ നന്നായി കേൾപ്പിക്കുന്നുണ്ട് എന്നാൽ ദേഹ–അഭിമാനം വളരെയധികമുണ്ട്, അൽപമൊന്ന് ബാബ ജാഗ്രതപ്പെടുത്തുമ്പോഴേക്കും കേട് വരുന്നു. അല്ലായെങ്കിൽ മഹിമയുണ്ട് – സ്നേഹിക്കുകയോ തട്ടിയകറ്റുകയോ ചെയ്തോളൂ....... ഇവിടെ ബാബ ശരിയായ കാര്യം ചെയ്യുമ്പോൾ പോലും ദേഷ്യം വരുന്നു. ഇങ്ങനെയിങ്ങനെയുള്ള കുട്ടികളുമുണ്ട്, ചിലർ ഉള്ളിൽ നന്ദി അറിയിച്ചുകൊണ്ടിരിക്കുന്നു, ചിലർ ഉള്ളിൽ കത്തി മരിക്കുന്നു. മായയുടെ ദേഹാഭിമാനം വളരെയാണ്. മുരളി കേൾക്കുന്നതേയില്ലാത്ത കുട്ടികളുമുണ്ട്. എന്നാൽ മുരളി കേൾക്കാതിരിക്കാനേ കഴിയാത്ത കുട്ടികളുമുണ്ട്. മുരളി പഠിക്കുന്നില്ലായെങ്കിൽ എന്നിൽ വളരെയധികം ജ്ഞാനമുണ്ട് എന്ന ഗർവ്വാണ്, എന്നാൽ ഒന്നും തന്നെയില്ല.

അതുകൊണ്ട് എവിടെയെങ്കിലും ശങ്കാരാചാര്യർ മുതലായവർ പ്രദർശിനിയിൽ വരുന്നു,സേവനം നന്നായി നടക്കുന്നുവെങ്കിൽ ആ വാർത്ത എല്ലാവരെയും അറിയിക്കണം അപ്പോൾ എല്ലാവർക്കും അറിയാൻ സാധിക്കും എങ്ങനെയാണ് സേവനം നടക്കുന്നതെന്ന്, അവരും പഠിക്കും. സേവനത്തിന് വേണ്ടി ഇങ്ങനെയിങ്ങനെയുള്ള ചിന്ത ആർക്കാണോ വരുന്നത് അവരെ തന്നെയാണ് ബാബ സർവ്വീസബിൾ എന്ന് മനസ്സിലാക്കുന്നത്. സേവനത്തിൽ ഒരിക്കലും ക്ഷീണിക്കരുത്. ഇത് അനേകരുടെ മംഗളം ചെയ്യലാണല്ലോ. ബാബയ്ക്കും ഇതേ ശ്രദ്ധയാണുള്ളത്, എല്ലാവർക്കും ഈ ജ്ഞാനം ലഭിക്കണം. കുട്ടികളുടെയും ഉന്നതിയുണ്ട്. ദിവസവും മുരളിയിൽ മനസ്സിലാക്കിതന്നുകൊണ്ടിരിക്കുന്നു – ഈ ആത്മീയ സേവനമാണ് മുഖ്യം. കേൾക്കുകയും കേൾപ്പിക്കുകയും വേണം. താത്പര്യമുണ്ടായിരിക്കണം. ബാഡ്ജെടുത്ത് ദിവസവും ക്ഷേത്രങ്ങളിൽ പോയി മനസ്സിലാക്കി കൊടുക്കൂ – ഈ ലക്ഷ്മീ നാരായണൻ എങ്ങനെയാണ് ഉണ്ടായത്? പിന്നീട് എങ്ങോട്ട് പോയി, എങ്ങനെ രാജ്യഭാഗ്യം നേടി? ക്ഷേത്രത്തിന്റെ വാതിൽക്കൽ പോയിരിക്കൂ. ആര് വരുകയാണെങ്കിലും പറയൂ, ഈ ലക്ഷ്മീ നാരായണൻ ആരാണ്, ഭാരതത്തിൽ എപ്പോഴാണ് ഇവരുടെ രാജ്യമുണ്ടായിരുന്നത്? ഹനുമാനും ചെരുപ്പികളിൽ പോയി ഇരുന്നിട്ടുണ്ടായിരുന്നില്ലേ. അതിലും രഹസ്യമില്ലേ. ദയ ഉണ്ടാവുന്നു. സേവനത്തിനുള്ള ഒരുപാട് യുക്തികൾ ബാബ പറഞ്ഞു തരുന്നുണ്ട്, എന്നാൽ പ്രയോഗത്തിൽ വളരെ വിരളെ പേരാണ് കൊണ്ടു വരുന്ന്. സേവനം അനേകമുണ്ട്. അന്ധരുടെ ഊന്നു വടിയായി മാറണം. ആരാണോ സേവനം ചെയ്യാത്തത്, ബുദ്ധി ക്ലിയറല്ലാത്തത് എങ്കിൽ പിന്നീട് ധാരണയും ഉണ്ടാവുകയില്ല. ഇല്ലായെങ്കിൽ സേവനം വളരെ സഹജമാണ്. നിങ്ങൾ ഈ ജ്ഞാനരത്നങ്ങളുടെ ദാനം ചെയ്യൂ. ഏതെങ്കിലും സമ്പന്നൻ വരുകയാണെങ്കിൽ പറയൂ ഞങ്ങൾ താങ്കൾക്ക് ഈ സമ്മാനം നൽക്കുകയാണ്. ഇതിന്റെ അർത്ഥവും അവർക്ക് മനസ്സിലാക്കി കൊടുക്കൂ. ഈ ബാഡ്ജുകളുടെ മേൽ ബാബയ്ക്ക് വളരെയധികം ബഹുമാനമാണ്. മറ്റാർക്കും ഇത്രയും ബഹുമാനമില്ല. ഇതിൽ വളരെ നല്ല ജ്ഞാനം അടങ്ങിയിട്ടുണ്ട്.എന്നാൽ ആരുടെ ഭാഗ്യത്തിലില്ലയോ ബാബയ്ക്കും എന്ത് ചെയ്യാൻ സാധിക്കും. ബാബയേയും പഠിപ്പിനെയും ഉപേക്ഷിക്കുക– ഇത് ഏറ്റവും വലിയ ആത്മ–ഹത്യയാണ്. ബാബയുടെതായി മാറി പിന്നീട് ഉപേക്ഷിച്ച് പോവുക – ഇതു പോലെലൊരു മഹാപാപം മറ്റൊന്നില്ല. അതുപോലെയുരു ഭാഗ്യദോഷിയും മറ്റാരുമില്ല. കുട്ടികൾക്ക് ശ്രീമതത്തിലൂടെ നടക്കേണ്ടേ. നമ്മൾ വിശ്വത്തിന്റെ അധികാരികളാവുന്നവരാണെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ട്, ചെറിയ

കാര്യമല്ല. ഓർമ്മിക്കുകയാണെങ്കിൽ സന്തോഷവുമുണ്ടായിരിക്കും. ഓർമ്മയിലിരിക്കാത്തതുകൊണ്ട് പാപവും ഭസ്മമാവുകയില്ല. ദത്തെടുക്കപ്പെട്ടവരാണെങ്കിൽ സന്തോഷത്തിന്റെ അതിര് വർദ്ധിക്കണം. എന്നാൽ മായ വളരെയധികം വിഘ്നമിടുന്നു. പാകമാകാത്തവരെ വീഴ്ത്തുന്നു. ആരാണോ ബാബയുടെ ശ്രീമതം എടുക്കാത്തത് അവർ എന്ത് പദവി നേടാനാണ്. അൽപമെങ്കിലും സ്വീകരിച്ചാൽ കുറഞ്ഞ പദവിയെങ്കിലും നേടും. നല്ല രീതിയിൽ നിർദ്ദേശമെടുക്കുകയാണെങ്കിൽ ഉയർന്ന പദവി നേടും. ഈ പരിധിയില്ലാത്ത രാജധാനി സ്ഥാപിതമായികൊണ്ടിരിക്കുകയാണ്. ഇതിൽ ചിലവ് മുതലായവയുടെയൊന്നും കാര്യമില്ല. കുമാരിമാർ വരുന്നു, പഠിച്ച് അനേകരെ തനിക്കു സമാനമാക്കി മാറ്റുന്നു, ഇതിൽ ഫീസ് മുതലായവയുടെ കാര്യം തന്നെയില്ല. ബാബ പറയുന്നു നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി നൽകുന്നു. ഞാൻ സ്വർഗ്ഗത്തിലേക്ക് വരുന്നില്ല. ശിവബാബ ദാതാവാണല്ലോ. ബാബയ്ക്ക് എന്ത് ചിലവ് നൽകാനാണ്. ഇദ്ദേഹം എല്ലാം ബാബയ്ക്ക് നൽകി, അവകാശിയാക്കി മാറ്റി. പ്രതിഫലമായി നോക്കൂ രാജ്യഭാഗ്യമല്ലേ ലഭിക്കുന്നത്. ഇത് ഏറ്റവുമാദ്യത്തെ ഉദാഹരണമാണ്. മുഴുവൻ വിശ്വത്തിലും സ്വർഗ്ഗത്തിന്റെ സ്ഥാപന നടക്കുന്നു. ഒരു പൈസയുടെയും ചിലവില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) പിതാ സ്നേഹിയായി മാറുന്നതിന് വേണ്ടി വളരെ വളരെ സുഖദായിയായി മാറണം. തന്റെ പെരുമാറ്റം വളരെ മധുരവും റോയലുമായിരിക്കണം. സർവ്വീസബിളായി മാറണം. നിരഹങ്കാരിയായി മാറി സേവനം ചെയ്യണം.

2) പഠിപ്പിനെയും ബാബയെയും ഉപേക്ഷിച്ച് ഒരിക്കലും ഉള്ളുകൊണ്ട് പശ്ചാതപിക്കുന്ന മഹാപാപിയായി മാറരുത്. മുഖ്യമായത് ആത്മീയ സേവനമാണ്, ഈ സേവനത്തിൽ ഒരിക്കലും ക്ഷീണിക്കരുത്. ജ്ഞാനരത്നങ്ങളുടെ ദാനം നൽകണം, പിശുക്കരാകരുത്.

## വരദാനം : സദാ നിജധാമത്തിന്റെയും നിജസ്വരൂപത്തിന്റെയും സ്മൃതിയിലൂടെ സ്നേഹിയും വേറിട്ടിരിക്കുന്നവരുമായി ഭവിക്കട്ടെ.

നിരാകാരി ലോകത്തിന്റെയും നിരാകാരി സ്വരൂപത്തിന്റെയും സ്മൃതിയാണ് സദാ സ്നേഹിയും വേറിട്ടതുമാക്കി മാറ്റുന്നത്. നമ്മൾ തന്നെയാണ് നിരാകാരീ ലോകത്തിൽ വസിച്ചിരുന്നത്, ഇവിടെ സേവനത്തിനായി അവതരിച്ചിരിക്കുന്നു. നമ്മൾ ഈ മൃത്യുലോകത്തിലുള്ളവരല്ല പക്ഷേ അവതരിച്ചിരിക്കുകയാണ്, കേവലം ഈ ചെറിയ കാര്യം ഓർമ്മയിലുണ്ടെങ്കിൽ ഉപരാമമാകും. ആരാണോ അവതരിച്ചതെന്നു മനസ്സിലാക്കാതെ ഗൃഹസ്ഥിയെന്നു മനസ്സിലാക്കുന്നത് എങ്കിൽ ഗൃഹസ്ഥിയുടെ വാഹനം ചെളിയിൽ തന്നെ കുടുങ്ങിക്കിടക്കുന്നു. ഗൃഹസ്ഥിയുടെ സ്ഥിതി ഭാരമുള്ളതും, അവതരിച്ചതെന്നു മനസ്സിലാക്കുകയാണെങ്കിൽ സ്ഥിതി ഭാരരഹിതവുമായിരിക്കും. അവതരിച്ചതെന്നു മനസ്സിലാക്കുന്നതിലൂടെ തന്റെ നിജ ധാമം, നിജ സ്വരൂപത്തിന്റെ ഓർമ്മയുണ്ടാകും കൂടാതെ ഉപരാമമാകുകയും ചെയ്യും.

## സ്ലോഗൻ : ആരാണോ ശുദ്ധിയോടെയും വിധിപൂർവ്വവുമായി ഓരോ കാര്യവും ചെയ്യുന്നത് അവരാണ് ബ്രാഹ്മണൻ.

**അവ്യക്ത സൂചന : സത്യതയുടെയും സഭ്യതയുടെയും സംസ്കാരത്തെ സ്വായത്തമാക്കൂ.**
ആരാണ് നിർമ്മാണരായിരിക്കുന്നത് അവർക്കാണ് നവനിർമ്മാണം ചെയ്യാൻ സാധിക്കുക. ശുഭഭാവനയുടെയും ശുഭകാമനയുടെയും ബീജം തന്നെ നിമിത്ത ഭാവവും നിർമ്മാണ ഭാവവുമാണ്. പരിധിയുള്ള പ്രശസ്തിയല്ല എന്നാൽ നിർമ്മാണ കാര്യമാണ്. ഇപ്പോൾ തന്റെ ജീവിതത്തിൽ സത്യതയുടെയും സഭ്യതയുടെയും സംസ്കാരം ധാരണ ചെയ്യൂ. അഥവാ നിങ്ങൾ ആഗ്രഹിക്കാതെ തന്നെ ഇടയ്ക്ക് ക്രോധമോ ദേഷ്യമോ വരുകയാണെങ്കിൽ ഹൃദയത്തിൽ നിന്നും പറയൂ 'മധുരമായ ബാബ' എങ്കിൽ എക്സ്ട്രാ സഹായം ലഭിക്കും.